LIBRARY ARCHIVES Kerala Legislative Assembly

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

224 (2052) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) പെൺവാണിഭമടക്കമുള്ള കുറ്റകൃത്യങ്ങൾക്ക് വേണ്ടി സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിക്കുന്നതിനാൽ ഇവ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ചും ഇരകളായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും ബോധവൽക്കരിക്കുന്നതിലേയ്ക്കായി സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവയുമായി സഹകരിച്ചാണ് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നത്.

(ബി) ഇന്റർനെറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നിരീക്ഷണം നടത്തുന്നതിനായി ഒരു സൈബർഡോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സമാന്തര പോലീസ് സംവിധാനം

225 (2053) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സംവിധാനം നിലവിലുള്ളതായ റിപ്പോർട്ട് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ സംസ്ഥാന പോലീസ് സർവ്വീസിലുള്ള ആർക്കെങ്കിലും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(സി) സമാന്തര പോലീസ് സംവിധാനം ഉള്ളതായ റിപ്പോർട്ട് സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്.

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം ഉള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചെറുപുഴ പോലീസ് സ്റ്റേഷൻ

226 (2054) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്നും ഏതെല്ലാം പ്രദേശങ്ങളാണ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 212/2015/ആഭ്യന്തരം തീയതി 29-9-2015 പ്രകാരം ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തളിപ്പറമ്പാ താലൂക്കിലെ വയക്കര വില്ലേജിനു കീഴിൽ വരുന്ന കോലുവള്ളി, വ്യാളായി, തട്ടുമ്മൽ, മച്ചിയിൽ, കുക്കയംചാൽ, മണ്ണാക്കാട്, ചെറുപുഴ, കുണ്ടറക്കാണം, കുണ്ടംതാടം എന്നീ പ്രദേശങ്ങളും തിരുമേനി വില്ലേജിലെ താബോർ, ചട്ടിവയൽ, തിരുമേനി, മുതുവം, കൊക്കടവ്, പ്രാപ്പോയിൽ, കോരാളി, പോക്കിരിമുക്ക്, മുരുത്തംപോടി, കുണ്ടേരി, പേരുവട്ടം, ഇയ്യാംകല്ല്, മുളപ്പാറ, പരുത്തിക്കല്ല്, പാറോത്തുംനീർ എന്നീ പ്രദേശങ്ങളും പുളിംഗോം വില്ലേജിലെ രാജഗിരി, കാനംവയൽ, ജോസ്ഗിരി, ഇടവരമ്പ്, കോഴിച്ചൽ, മീൻതുള്ളി, പൊൻപുഴ, കാരിയക്കര, ചുണ്ട, മരുത്തുംതട്ട്, ഉമയംചൽ, പുളിംഗോം, വാഴക്കുണ്ടം, കോട്ടത്തലാച്ചിമല, സൂര്യഗിരി, ചൂരപടവ്, കുമ്പാങ്കുന്ന്, ചേനാട്ട് കൊല്ലി എന്നീ പ്രദേശങ്ങളുമാണ് ഈ പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ടി പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതായുണ്ട്. ഇതിനായുള്ള കരട് വിജ്ഞാപനം വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly